# സഭാനേതാക്കന്മാരും സ്ഥാനപ്പേരും ശമ്പളവും

സാക് പുന്നൻ

WFTW 17 ഏപ്രിൽ 2016

'നിങ്ങളോ 'റബ്ബീ' എന്നു വിളിക്കപ്പെടരുത്; ഒരുവൻ മാത്രമാണ് നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരർ മാത്രം. ഭൂമി ആരെയും 'പിതാവ്' എന്നു വിളിക്കരുത്, നിങ്ങളുടെ പിതാവ് ഒരുവൻ മാത്രം; സ്വർഗ്ഗത്തിൽ വസിക്കുന്നവൻ തന്നെ. നിങ്ങൾ നായകന്മാർ എന്ന് വിളിക്കപ്പെടരുത്; കാരണം ഒരുത്തനത്രെ നിങ്ങളുടെ നായകൻ ക്രിസ്തു തന്നെ. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും' (മത്താ. 23:812).

മുകളിൽ പറഞ്ഞ വേദഭാഗത്തിൽ ഉള്ള യേശുവിൻറെ കല്പന വളരെ വ്യക്തമാണ്. സഭാനേതാക്കൾ ഒരിക്കലും ഏതെങ്കിലും സ്ഥാനപ്പേരുകൾ ഉപയോഗിക്കരുത്. സഭയിലെ മറ്റെല്ലാ സഹോദരന്മാരെപ്പോലെ അവരും 'സഹോദരന്മാർ' ആയിരിക്കണം. അനേകം സഭാ നേതാക്കന്മാരും അവരുടെ പേരിനുമുമ്പിൽ സ്ഥാനപ്പേരു വയ്ക്കുന്നതിൻറെ കാരണം സഭയിലെ മറ്റു സഹോദരന്മാർക്കു മീതെ തങ്ങളെതന്നെ ഉയർത്തുന്നതിനുവേണ്ടിയാണ്. എന്നാൽ സഭയിൽ യേശുവിനു മാത്രമെ ശിരസ്സും കർത്താവും ആയി ഉയർത്തപ്പെടുവാനുള്ള അവകാശമുള്ളു. ഏതെങ്കിലും തരത്തിലുള്ള സ്വയത്തിൻറെ ഓരോ ഉയർത്തലും റവറൻറ്, മെത്രാപ്പൊലീത്താ, അപ്പൊസ്തലൻ, പ്രവാചകൻ, പോപ്പ്, കർദ്ദിനാൾ, ബിഷപ്പ്, പാസ്റ്റർ മുതലായ സ്ഥാനപ്പേരുകൾ ഉപയോഗിക്കുന്നതിലൂടെ സഭയിലുള്ള അംഗീകാരത്തിനുവേണ്ടി ക്രിസ്തുവുമായി മത്സരിക്കുകയാണ്.

എന്നാൽ ഒരു സഭാനേതാവിൻറ വിളി 'ഒരു ദാസൻ' ആയിരിക്കാനാണ് (മത്താ. 23:11).

പണസംബന്ധമായ കാര്യങ്ങൾ

പണസംബന്ധമായ കാര്യങ്ങളിൽ, പൂർണ്ണ സമയ ക്രിസ്തീയ പ്രവർത്തകരും സഭാനേതാക്കളും യേശുവിൻറെ മാതൃക പിൻതുടരണം കാരണം മൂന്നര വർഷത്തോളം അവിടുന്നും ഒരു പൂർണ്ണസമയ ശുശ്രൂഷകനായിരുന്നു.

യേശു ഒരിക്കലും അവിടുത്തെ സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് ആരോടും പറഞ്ഞിട്ടില്ല. അവിടുന്ന് ഒരിക്കലും അവിടുത്തെ ശുശ്രൂഷയെപ്പറ്റി പരസ്യം ചെയ്യുകയോ അവിടുത്തെ വേലയെക്കുറിച്ച് റിപ്പോർട്ട് അയയ്ക്കുകയോ ചെയ്തിട്ടില്ല (കാരണം അത് പരോക്ഷമായുള്ള പണമിരക്കൽ ആയിതീരാം). യേശുവിന് സ്വമേധയാ ദാനങ്ങൾ കൊടുക്കുവാനായി അവിടുത്തെ പിതാവ് ചിലരെ പ്രചോദിപ്പിക്കുകയും യേശു അങ്ങനെയുള്ള ദാനങ്ങൾ സ്വീകരിക്കുകയും ചെയ്തു, കാരണം യേശുവിന് തൻറെ 12 ശിഷ്യന്മാരെയും അവരുടെ കുടുംബങ്ങളെയും സാമ്പത്തികമായി പിൻതാങ്ങേണ്ടയിരുന്നു. യേശുവിന് എല്ലാ പണവും സൂക്ഷിക്കുവാൻ ഒരു ട്രഷറർ (യൂദാ) നെ ആവശ്യം ഉണ്ടായിരുന്നു എന്നതും, യൂദായ്ക്ക് മറ്റാരുടെയും ശ്രദ്ധയിൽപ്പെടാതെ പണസഞ്ചിയിൽ നിന്ന് മോഷ്ടിക്കാൻ കഴിഞ്ഞു എന്നതും സൂചിപ്പിക്കുന്നത് ആ സഞ്ചിയിൽ ധാരാളം പണം ഉണ്ടായിരുന്നിരിക്കാം എന്നതാണ്.

ലൂക്കോ. 8:2,3പറയുന്നത് 'മഗ്ദലക്കാരി മറിയയും, യോഹന്നയും (ഹേരോദാവിൻറെ കുടുംബകാര്യവിചാരകനായിരുന്ന കൂസയുടെ ഭാര്യ), സൂസന്നയും മറ്റു പലരും സ്വന്തം

സമ്പാദ്യത്തിൽ നിന്ന് യേശുവിനെയും 12 ശിഷ്യന്മാരെയും സഹായിക്കാനായി സംഭാവന ചെയ്തു എന്നതാണ്. യേശു അവരുടെ ദാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

തനിക്കു ലഭിച്ച പണം ചെലവാക്കുന്ന രീതിയിൽ യേശു ഏതു വിധേനയും വളരെ ശ്രദ്ധാലുവായിരുന്നു. അവിടുന്ന് പ്രധാനമായി അത് രണ്ട് ഉദ്ദേശങ്ങൾക്കായിട്ടു മാത്രം ഉപയോഗിച്ചു (യോഹ.13:29ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ (1) ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനും (2) സാധുക്കൾക്കു കൊടുക്കുന്നതിനും.

ഈ മാതൃകയാണ് നമ്മുടെ ഭവനങ്ങളിലും സഭകളിലും നാം പിൻതുടരേണ്ടത്. ആവശ്യമില്ലാത്ത ആഡംബരങ്ങൾക്കായി പണം പാഴാക്കരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് മാത്രം വാങ്ങിക്കുക, അധികമുള്ളത് ആവശ്യത്തിലിരിക്കുന്ന പാവപ്പെട്ട വിശ്വാസികൾക്ക് പങ്കിടുവാൻ മറന്നുപോകരുത്. നിങ്ങൾ പൂർണ്ണസമയ ശുശ്രൂഷയിലിയാരിക്കുകയും ദൈവം നിങ്ങൾക്ക് ജീവിക്കുവാൻ സ്വന്തമായ വരുമാന വിഭവങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെ നിങ്ങളെ താങ്ങേണ്ടതിന് ഒരു സഭയുടെയും ആശ്രിതനായിരിക്കരുത്. സാമ്പത്തികമായി നിങ്ങൾ നിങ്ങളെത്തന്നെ താങ്ങിക്കൊണ്ട് കർത്താവിനെ ശുശ്രൂഷിക്കുക.

1 തിമൊ.5:17,18ൽ പൗലൊസ് പറയുന്നത് നന്നായി സഭാപരിപാലനം നടത്തുന്ന മൂപ്പന്മാരെ പ്രത്യേകിച്ച് വചനത്തിൻറെ പ്രബോധനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണുവിൻ. കാരണം 'മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുത്' എന്നും 'വേലക്കാരൻ തൻറെ കൂലിക്ക് യോഗ്യൻ' എന്നും തിരുവെഴുത്തു പറയുന്നുവല്ലോ.

പൗലൊസ് ഇവിടെ 'പണം' എന്ന വാക്ക് ഉപയോഗിക്കുന്നില്ല. എന്നാൽ 'മാനം' എന്നാണ്. ഇത് പണത്തെയാണ് പരാമർശിച്ചിരുന്നതെങ്കിൽ, ഒരു സഭയിലുള്ള മൂപ്പന്മാർക്ക്, സഭയിലുള്ള മറ്റു ഓരോരുത്തർക്കും ലഭിക്കുന്നതിൻറെ ഇരട്ടി ശമ്പളം കൊടുക്കുവാൻ ദൈവം കൽപ്പിക്കുന്നു എന്നർത്ഥമാകും. ഇത് വിഡ്ഢിത്തമാണ്. തന്നെയുമല്ല അതല്ല പരിശുദ്ധാത്മാവ് പറയുന്നത് എന്ന് സ്പഷ്ടമാണ്. പൗലൊസ് ഇവിടെ സംസാരിക്കുന്നത് സഭയുടെ മൂപ്പന്മാർക്ക് ഇരട്ടി മാനം (അഭിനന്ദനവും, ബഹുമാനവും) കൊടുക്കുന്നതിനേക്കുറിച്ചാണ് മെതിക്കുന്ന കാളയെ ധാന്യം തിന്നുതിന് അനുവദിച്ചിരിക്കുന്നതുപോലെ നാം സഭാ മൂപ്പന്മാർക്ക് മാനം കൊടുക്കണം. അതുകൊണ്ട് ഒരു മൂപ്പൻറെ പ്രാഥമിക വേതനം തൻറെ സഹോദര വൃന്ദത്തിലുള്ള 'ബഹുമാനവും അഭിനന്ദനവും നന്ദിയുമാണ് ' പണം അല്ല. 1 കൊരി. 9:718ൽ പൗലൊസ് പൂർണ്ണ സമയം ക്രസസ്തീയ പരാവർത്തകർക്കു വേണ്ടിയുള്ള സഹായത്തെക്കുറിച്ച് സംസാരിക്കുന്നു.

'സ്വന്തം ചെലവിൽ സൈനീക സേവനം നടത്തുന്നത് ആര്? മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചിട്ട് അതിലെ മുന്തിരിപ്പഴം തിന്നാത്തവനായി ആരുള്ളൂ. ആട്ടിൻ കൂട്ടത്തെ പാലിച്ചിട്ട് തൻറെ പാൽ കുടിക്കാത്ത് ആരാണ് ? ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആത്മീയമായ വിത്ത് വിതച്ചിട്ട്, നിങ്ങളിൽ നിന്ന് ഭൗതീകമായ ഒരു വിളവെടുപ്പ് നടത്തിയാൽ അത് അധികമായി പോകുമോ ? അതുപോലെ തന്നെ സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണമെന്ന് കർത്താവ് കൽപ്പിച്ചിരിക്കുന്നു'.

അതുകൊണ്ട് പൂർണ്ണസമയ പ്രസംഗകരും. മൂപ്പന്മാരും തങ്ങൾ ശുശ്രൂഷിക്കുന്നവരിൽ നിന്ന് ദാനങ്ങൾ സ്വീകരിക്കുന്നത് തികച്ചും ഉചിതം തന്നെ.

എന്നാൽ അതേ വേദഭാഗത്തിൽ തന്നെ പൗലൊസ് തുടർന്നു പറയുന്നു 'എങ്കിലും ഈ അവകാശങ്ങളൊന്നും ഞങ്ങൾ ഉപയോഗിക്കുന്നില്ല, എന്നാൽ ക്രിസ്തുവിൻറെ സുവിശേഷത്തിന് ഞങ്ങൾ ഒരു തടസ്സവും ഉണ്ടാക്കരുത് എന്ന് വിചാരിച്ച് ഞങ്ങൾ എല്ലാം

സഹിക്കുന്നു. സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷംകൊണ്ട് ഉപജീവിക്കണമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് എന്നതു സത്യമാണ്. എന്നാൽ ഈ കാര്യങ്ങളൊന്നും ഞാൻ ഉപോഗിച്ചിട്ടില്ല. എൻറെ ഈ പ്രശംസ ആരെങ്കിലും ഇല്ലാതാക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്കു നല്ലത്, എങ്കിലും സുവിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു പ്രശംസിക്കുവാൻ ഒന്നുമില്ല. ഞാൻ അതിനു നിർബ്ബന്ധിതനാണ്. സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം ! ഞാൻ സ്വമേധയാ അത് ചെയ്യുന്നുവെങ്കിൽ എനിക്കു പ്രതിഫലമുണ്ട്; സ്വമേധയാ അല്ലെങ്കിലോ, എന്നെ ഭരമേൽപ്പിച്ചതു നിറവേറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. അപ്പോൾ എനിക്കുള്ള പ്രതിഫലം (ശമ്പളം) എന്താണ് ? സുവിശേഷം എനിക്കു നൽകുന്ന അവകാശം മുഴുവൻ ഉപയോഗിക്കാതെ ഞാൻ സൗജന്യമായി സുവിശേഷം അറിയിക്കുന്നു എന്നതു തന്നെ. അതുകൊണ്ട് ഞാൻ സുവിശേഷം അറിയിക്കുന്ന ഒരാൾ എന്ന നിലയിലുള്ള എൻറെ അവകാശങ്ങൾ ഞാൻ ഉപയോഗിക്കുന്നില്ല'.

പൗലൊസ് ശമ്പളത്തിനുവേണ്ടി പ്രസംഗിക്കുകയോ മറ്റു വിശ്വാസികളിൽ നിന്ന് ദാനങ്ങൾ സ്വീകരിക്കാമെന്നു പ്രതീക്ഷിച്ചുകൊണ്ട് ചുറ്റി സഞ്ചരിക്കുകയോ ചെയ്തില്ല. അദ്ദേഹം പ്രസംഗിച്ചതിൻറെ കാരണം 'ക്രിസ്തുവിനോടുള്ള തൻറെ സ്നേഹത്താൽ അദ്ദേഹം നിർബന്ധിതനായതിനാലും' സുവിശേഷത്തിൻറെ കാര്യവിചാരകത്വം ദൈവം അദ്ദേഹത്തെ ഭരമേൽപ്പിച്ചതിനാലുമാണ്. അതുകൊണ്ട് സുവിശേഷത്തിനുവേണ്ടി ദൈവം ആളുകളിൽ നിന്ന് വില ഈടാക്കുന്നു എന്ന് ആരും ചിന്തിക്കാതിരിക്കേണ്ടതിന് സുവിശേഷം സൗജന്യമായി പ്രഘോഷിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു.

അതുകൊണ്ട് പുതിയനിയമം നമ്മെ പഠിപ്പിക്കുന്നത്, കർത്താവിൻറെ ശുശ്രൂഷയിൽ അദ്ധ്വാനിക്കുന്ന കർത്താവിൻറെ ഓരോ ദാസനും തൻറെ ചെലവിനുവേണ്ടി ദാനങ്ങൾ സ്വീകരിക്കാനുള്ള അവകാശം നൽകപ്പെട്ടിരിക്കുന്നു. എന്നാൽ അതേ സമയം തന്നെ നാം കാണുന്നത് (1) ആർക്കും ക്രമമായ മാസശമ്പളം നൽകപ്പെട്ടിരുന്നില്ല. യേശു ഒരിക്കലും തൻറെ ശിഷ്യന്മാർക്ക് ഒരു ശമ്പളം വാഗ്ദാനം ചെയ്തില്ല. അപ്പൊസ്തലന്മാർ ഒരിക്കലും ഒരു ശമ്പളം സ്വീകരിച്ചില്ല. അവരെ സഹായിക്കുവാൻ തക്കവണ്ണം മനുഷ്യരുടെ ഹൃദയങ്ങളെ ചലിപ്പിക്കുന്ന അവരുടെ സ്വർഗ്ഗീയ പിതാവിൽ അവർ ആശ്രയിച്ചു (യേശുവിൻറെ കാര്യത്തിലെന്നപോലെ). അങ്ങനെയുള്ള ഒരു വിശ്വാസജീവിതമായിരുന്നു അവരുടെ ശുശ്രൂഷയിൽ. ആവശ്യമായ ശക്തി അവർക്ക് ഉണ്ടാകുവാൻ അത്യന്താപേക്ഷിതമായിരുന്നത്. അത് അവരെ ദുർമോഹത്തിൽ നിന്നു സംരക്ഷിക്കുകയും ചെയ്തു.

(2) ഉപജീവനത്തിനായുള്ള ഈ വ്യവസ്ഥ പ്രസംഗികളാൽ ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന് പൗലൊസ് കണ്ട സാഹചര്യങ്ങളിൽ താൻ പ്രസംഗിക്കുന്ന സുവിശേഷത്തിൻറെ സാക്ഷ്യം സംരക്ഷിക്കുവാൻ വേണ്ടി താൻ ആരിൽ നിന്നും ഒരു പണവും സ്വീകരിക്കാതെ താൻ തന്നെ ചെലവിനു തേടുവാൻ തീരുമാനിച്ചു. 2 കൊരി.11:713ൽ (ലിവിംഗ്) അദ്ദേഹം പറയുന്നു 'നിങ്ങളിൽ നിന്ന് പ്രതിഫലം ഒന്നും വാങ്ങാതെയാണ് ഞാൻ നിങ്ങളോട് ദൈവത്തിൻറെ സുവിശേഷം പ്രസംഗിച്ചത്........പകരം ഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ മറ്റു സഭകളെ കവർന്ന് അവർ എനിക്ക് അയച്ചുതന്നത് എടുത്ത് നിങ്ങൾക്കുവേണ്ടി ഉപയോഗിച്ചു, അത് ചെലവില്ലാതെ നിങ്ങളെ ശുശ്രൂഷിക്കേണ്ടതിനായിരുന്നു. അത് തീർന്നപ്പോഴും ഞാൻ നിങ്ങളോട് ഒന്നും ആവശ്യപ്പെട്ടില്ല. കാരണം മാസിഡോണിൽ നിന്നുംവന്ന ക്രിസ്ത്യാനികൾ എനിക്ക് മറ്റൊരു ദാനം കൊണ്ടുവന്നു. ഞാൻ നിങ്ങളോട് ഇതുവരെ ഒരു പൈസ പോലും ആവശ്യപ്പെട്ടിട്ടില്ല, ഞാൻ ഇനി ഒരിക്കലും ആവശ്യപ്പെടുകയുമില്ല. ഞാൻ എല്ലാവരോടും ഇതിനേക്കുറിച്ച് പറയും ! ഞാൻ ഇതു ചെയ്യുന്നതിൻറെ കാരണം, ദൈവത്തിൻറെ വേല ഞങ്ങൾ ചെയ്യുന്ന അതേ രീതിയിൽ തന്നെയാണ് തങ്ങളും ചെയ്യുന്നതെന്ന് പരശംസിക്കുന്നവർക്ക് അതിനുള്ള ഇടം കൊടുക്കാതിരിക്കാനാണ്. ദൈവം ആ മനുഷ്യരെ

ഒരിക്കലും അയച്ചിട്ടില്ല; തങ്ങൾ ക്രിസ്തുവിൻറെ അപ്പൊസ്തലന്മാരെന്ന് ചിന്തിക്കത്തക്കവണ്ണം നിങ്ങളെ വിഡ്ഢികളാക്കുന്ന വ്യാജന്മാരാണ് അവർ.

അതുകൊണ്ട് പൗലൊസ് വല്ലപ്പോഴും ദാനങ്ങൾ സ്വീകരിച്ചതായി നാം കാണുന്നു ഇടയ്ക്കിടെ അദ്ദേഹത്തിന് പണം അയച്ചുകൊടുത്തവരായ മാസിഡോണിയയിലുള്ള (ഫിലിപ്യ) ക്രിസ്ത്യാനികളിൽ നിന്ന്, എന്നാൽ അദ്ദേഹം ഒരിക്കലും കൊരിന്തിലെ ക്രിസ്ത്യാനികളിൽ നിന്ന് (മുകളിൽ കണ്ടതുപോലെ) പണമൊന്നും സ്വീകരിച്ചില്ല, കാരണം കൊരിന്ത്യയിലുള്ള വ്യാജ ക്രിസ്തീയ പ്രസംഗകരിൽ നിന്ന് താൻ വ്യത്യസ്തനാണെന്ന് കാണിച്ചുകൊടുക്കണമായിരുന്നു.

തെസ്സലോനിക്യയിലെ ക്രിസ്ത്യാനികളിൽ നിന്നും പൗലൊസ് പണമൊന്നും സ്വീകരിച്ചില്ല : 2 തെസ്സ.3:810 ൽ അദ്ദേഹം പറയുന്നു: 'ആരുടെയും ആഹാരം ഞങ്ങൾ വെറുതെ ഭക്ഷിച്ചിട്ടില്ല; നിങ്ങളിൽ ആർക്കും ഞങ്ങൾ ഒരു ഭാരമാകാതെ ഇരിക്കേണ്ടതിന് ഞങ്ങൾക്ക് ജീവിക്കുവാനുള്ള പണത്തിനുവേണ്ടി ഞങ്ങൾ രാവും പകലും അദ്ധ്വാനിച്ചു. ഞങ്ങൾക്കു ഭക്ഷണം തരുവാൻ നിങ്ങളോട് ആവശ്യപ്പെടുവാനുള്ള അവകാശം ഞങ്ങൾക്കില്ലാഞ്ഞല്ല, എന്നാൽ ജോലി ചെയ്ത് നിങ്ങളുടെ ഉപജീവനം കഴിക്കേണ്ടത് എപ്രകാരമാണെന്ന് നിങ്ങൾക്കു നേരിട്ടു കാണിച്ചു തരണമെന്ന് ഞങ്ങൾ ആഗ്രഹിച്ചിരുന്നു.

തന്നെയുമല്ല പൗലൊസ് എഫെസൊസിലെ ക്രിസ്ത്യാനികളിൽ നിന്നും പണം ഒന്നും എടുത്തില്ല. അപ്പൊ.പ്രവ. 20:3135ൽ അദ്ദേഹം പറയുന്നു 'ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്ന ഈ മൂന്നുവർഷം, നിങ്ങളിൽ ആരുടെയും പണമൊ വസ്ത്രമൊ ഒന്നും ഞാൻ ആഗ്രഹിച്ചില്ല. എൻറെ സ്വന്തം കൈകൊണ്ട് പണി ചെയ്ത് എൻറെയും എൻറെ കൂടെയുള്ളവരുടെയും ആവശ്യങ്ങൾക്കുവേണ്ടി ഞാൻ സമ്പാദിച്ചതെങ്ങനെയാണെന്ന് നിങ്ങൾ അറിയുന്നു. ഈ വിധത്തിൽ കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് ബലഹീനരെ സഹായിക്കണമെന്ന് ഞാൻ നിങ്ങൾക്കു കാണിച്ചുതന്നു. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്നുള്ള കർത്താവായ യേശുവിൻറെ വാക്കുകൾ ഓർത്തുകൊൾക.'

അതുകൊണ്ടാണ് നിങ്ങൾ ആയിരിക്കുന്ന സാഹചര്യത്തോട് സ്പർശ്യത ഉള്ളവരായിരിക്കുക നിങ്ങളുടെ രാജ്യത്തിൽ ഇന്നത്തെ സമയത്തിൽ എന്നിട്ട് നിങ്ങളുടെ സാഹചര്യത്തിൽ കർത്താവിനുവേണ്ടി ഒരു നിർമ്മലസാക്ഷ്യം നിലനിർത്തുവാൻ നാം എന്ത് നിലപാടെടുക്കണം എന്നാലോചിക്കുക.

കർത്താവ് സ്ഥാപിച്ചിട്ടുള്ള മുഴുവൻ സി.എഫ്.സി സഭകളിലുമായി ഉള്ള നൂറിൽപ്പരംമൂപ്പന്മാരിൽ ഓരോരുത്തരും അവരുടെയും അവരുടെ കുടുംബങ്ങളുടെയും ഉപജീവനത്തിനായി ജോലി ചെയ്യുന്നു എന്നു മാത്രമല്ല അവരിൽ ഒരാൾ പോലും ഒരു ശമ്പളം പറ്റുന്നില്ല. 40 വർഷത്തിൽ ഏറെ ആയിട്ട് ഞങ്ങളുടെ സഭകളിൽ ഈ വ്യവസ്ഥ തികവോടെ പ്രവർത്തിക്കുന്നു. (ഇൻഡ്യയിലെ സമ്പന്നമായ നഗരത്തിലുള്ള സഭകളിലും ഏറ്റവും ദാരിദ്രമുള്ള ഗ്രാമങ്ങളിലുള്ള സഭകളിലും). ഇത് ഞങ്ങളെ വചനം ഉദ്ധരിച്ചുകൊണ്ട് ഉപജീവനത്തിനായി മറ്റു ക്രിസ്ത്യാനികളെ അന്വേഷിക്കുന്ന ദുർമ്മോഹത്താൽ നുഴഞ്ഞുകയറുന്ന പ്രസംഗകരിൽ നിന്നും രക്ഷിച്ചിരിക്കുന്നു.

ഈ ലോകത്തിലുള്ള സഭകളിലെ മിക്കവാറും എല്ലാ പാസ്റ്റർമാരും ഒരു മാസശമ്പളം നൽകപ്പെടുന്നവരാണ്. ഞങ്ങൾ അവരെ വിധിക്കുന്നില്ല. അവർ ശമ്പളം സ്വീകരിക്കുന്നത് നിർത്തണമെന്നും ഞങ്ങൾ അവരോട് പറയുന്നില്ല. എന്നാൽ അവർ പാസ്റ്റർ ജോലി സ്വീകരിച്ചത് ദൈവത്തിൽ നിന്ന് വ്യക്തമായ ഒരു വിളിയുടെ കാരണത്താലല്ലാതെ ആ സഭ

അവർക്കു വാഗ്ദാനം ചെയ്ത വലിയ ശമ്പളവ്യവസ്ഥയുടെ കാരണത്താലാണെങ്കിൽ അവർ ദൈവത്തൻറെ ഹിതത്തിലല്ല എന്ന് ഞങ്ങൾ അവരോട് പറയും.

നിങ്ങൾ ഒരു ശമ്പളം പറ്റാൻ ആഗ്രിക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അതിനെ നിങ്ങളുടെ സഭയിൽ നിന്നു നിങ്ങൾക്കു നൽകപ്പെടുന്ന ഒരു സ്വമേധയാ ദാനമായി സ്വീകരിക്കണം. അല്ലാതെ ഒരു ശമ്പളമായിട്ടല്ല. ഒരു ശമ്പളവും ഒരു ദാനവും തമ്മിലുള്ള വ്യത്യാസമിതാണ്: ഒരു ശമ്പളംഎന്നത് അവകാശപ്പെടാവുന്നതും ശമ്പളം വർദ്ധനയ്ക്കായി ചോദിക്കാവുന്നതും ആണ്. എന്നാൽ ഒരു മാനമെന്നത് ഒരിക്കലും അവകാശപ്പെടാവുന്നതോ പ്രതീക്ഷിക്കുകയോ പോലും ചെയ്യാവുന്നതല്ല.

പുതിയ നിയമ കാലത്ത് പണപരമായ കാര്യങ്ങളോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്മാർ എടുത്ത നിലപാട് ഇതായിരുന്നു. ക്രൈസ്തവ ലോകം ആ നിലവാരത്തിൽ നിന്ന് വളരെ അധികം അധപതിച്ചിരിക്കുന്നു. പണസംബന്ധമായ കാര്യങ്ങളിലുള്ള ഈ പരാജയം മൂലമുണ്ടായ ദുഖകരമായ ഫലം ദൈവത്തിൻറെ അഭിഷേകവും ആത്മീയ ഉൾക്കാഴ്ചയും ഇന്നത്തെ മിക്ക ക്രിസ്തീയ ശുശ്രൂഷകളിൽ നിന്നും നഷ്ടമായിരിക്കുന്നു എന്നതാണ്. ഇന്നത്തെ അനേകം പാസ്റ്റർമാരുടെ ശുശ്രൂഷയിലും ദൈവത്തിൽ നിന്നുള്ള വെളിപാട് വളരെ കുറച്ചേ ഉള്ളൂ. പണസംബന്ധമായ കാര്യങ്ങളിൽ വിശ്വസ്തരായവർക്കു മാത്രമെ കർത്താവിനാൽ ദൈവീക വെളിപാടിൻറെ യഥാർത്ഥ സമ്പത്ത് നൽകപ്പെടുകയുള്ളു (ലൂക്കോ. 16:11).

ആരിൽ നിന്നാണ് നാം പണം സ്വീകരിക്കുന്നത് എന്നതിനേക്കുറിച്ച് കൂടെ നാം ശ്രദ്ധാലുക്കളായിരിക്കണം. എല്ലാ വിശ്വാസികളിൽ നിന്നും നാം പണം സ്വീകരിക്കരുത്. താഴെ പറഞ്ഞിരിക്കുന്ന ആളുകളിൽ നിന്ന് നാം പണമൊ ദാനമൊ ഒന്നും സ്വീകരിക്കരുത്.

(1) വീണ്ടും ജനിച്ച ദൈവമക്കളല്ലാത്തവരിൽ നിന്ന് ഒരു പണവും നാം സ്വീകരിക്കരുത്. ഭൂമിയിൽ ദൈവത്തിൻറെ വേലയെ പിൻതാങ്ങുക എന്നത് വലിയ ഒരു ബഹുമതിയും പ്രത്യേക അവകാശവുമാണ്. എന്നാൽ ആ പ്രത്യേക അവകാശം അവിടുത്തെ വീണ്ടും ജനിച്ച മക്കൾക്കു മാത്രമെ നൽകപ്പെട്ടിട്ടുള്ളു (3 യോഹ.7) (2) തങ്ങളുടെ സ്വന്തം കുടുബങ്ങളുടെ ഭൗതീക ആവശ്യങ്ങൾക്ക് വേണ്ടത്ര പണമില്ലാത്തവരിൽ നിന്ന് നാം ഒരു പണവും സ്വീകരിക്കരുത് (1 തിമൊ.5:8ലും മർക്കോ.7:911ലും നാം വായിക്കുന്നതുപോലെ) അവർ അവരുടെ കുടുംബത്തിൻറെ ആവശ്യങ്ങൾ ശ്രദ്ധിക്കണം. നമ്മുടെ സ്വർഗ്ഗീയ പിതാവ് വിവിധങ്ങളായുള്ള നിലകളിൽ ഒരു മഹാ കോടിപതിയാണ്. അതുകൊണ്ട് ഭൂമിയിലെ ധനാഢ്യനായ ഏതൊരു പിതാവിനെയും പോലെ, അവിടുത്തെ വേലയ്ക്കുവേണ്ടി പണം കൊടുത്തു എന്ന കാരണത്താൽ അവിടുത്തെ ഏതെങ്കിലും മക്കൾ പട്ടിണി കിടക്കുകയോ സാമ്പത്തികമായി കഷ്ടത അനുഭവിക്കുകയോ ചെയ്യുവാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല.

(3) കടം മടക്കിക്കൊടുക്കുവാനുള്ള ആരിൽ നിന്നും ഒരു പണവും നാം സ്വീകരിക്കരുത്. തൻറെ മക്കൾ എല്ലാ കടത്തിൽ നിന്നും സ്വതന്ത്രരായി സ്വസ്ഥതയുള്ള ഒരു ജീവിതം ജീവിക്കണമെന്ന് ദൈവം ആഗ്രിക്കുന്നു. അങ്ങനെയുള്ള വിശ്വാസികൾ 'ആദ്യം കൈസർക്കുള്ളത് കൈസർക്കു കൊടുക്കണം, അതിനുശേഷം മാത്രം ദൈവത്തിനുള്ളത് എന്തെങ്കിലും കൊടുക്കണം.' കൈസരുടെയൊ മറ്റാരുടെയുമെങ്കിലൊ പണം ദൈവത്തിനാവശ്യമില്ല (മത്താ. 22:21,റോമ. 13:8)(എങ്കിലും ഒരു ഭവനവായ്പ 'ഒരു കടം' ആയി കണക്കാക്കേണ്ടതില്ല. (ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന അർത്ഥത്തിൽ) കാരണം വീട് എന്നത് എടുത്തിട്ടുള്ള വായ്പയ്ക്കു തുല്യ വിലയുള്ള ഒരു സ്വത്താണ്. അതേ കാരണത്താൽ ഒരു വാഹനവായ്പയും ഒരു കടമല്ല ആ വാഹനം എടുത്തിട്ടുള്ള വായ്പക്ക് തുല്യമായ വിലക്ക് ഇൻഷുർ ചെയ്തിട്ടുണ്ടെങ്കിൽ)

(4) ഏതെങ്കിലും തരത്തിൽ മറ്റുള്ളവരെ വേദനിപ്പിച്ചിട്ട് അവരുമായി നിരപ്പാകാത്ത ആരിൽ നിന്നും ഒരു പണവും നാം സ്വീകരിക്കരുത് (മത്താ. 5:23,24കാണുക).

(5) മനസ്സില്ലാതെ കൊടുക്കുന്നവരിൽ നിന്നൊ, തങ്ങൾ കൊടുക്കുന്നതുകൊണ്ട് ദൈവം അവർക്ക് പ്രതിഫലം നൽകണമെന്ന് പ്രതീക്ഷിക്കുന്നവരിൽ നിന്നൊ ഒരു പണവും സ്വീകരിക്കരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2 കൊരി.9:7).

നമ്മിൽ നിന്ന് വ്യത്യസ്തയിൽ കാര്യങ്ങൾ ചെയ്യുന്ന മറ്റു സഭകളെയൊ മൂപ്പന്മാരെയൊ നാം വിധിക്കരുത്. എന്നാൽ സി.എഫ്.സി സഭകളിൽ കർത്താവ് തൻറെ വചനത്തിൽ വച്ചിരിക്കുന്ന നിലവാരം വളരെ കർശനമായി സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നു.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ !